## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6586 — 08.11.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യഭദ്രതാനിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) നവംബർ 1 മുതൽ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം നടപ്പാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമപ്രകാരം മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികളായ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും ഭക്ഷ്യസഹായം നല്കാൻ ബാധ്യതയുണ്ടെന്നുള്ളതിനാൽ ആയതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന റിയിക്കുമോ; | (എ) പ്രസ്തുത പദ്ധതി സാമൂഹ്യ ക്ഷേമ വകുപ്പാണ് നടപ്പാക്കി വരുന്നത്. 2010-11 വർഷത്തിൽ കേന്ദ്ര സർക്കാർ ഒരു പൈലറ്റ് പ്രോജക്ടായി 52 ജില്ലകളിൽ നടപ്പിലാക്കിയ ഈ പദ്ധതി കേരളത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 9.45 കോടി രൂപ കേന്ദ്ര വിഹിതമായി വകയിരുത്തിട്ടുണ്ട്. |
| (ബി) 2010-ലെ സെൻസസ് അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ച റേഷൻ ഉപഭോക്താക്കളുടെ മുൻഗണനാ പട്ടികയിൽ നിരവധിയാളുകൾക്ക് ഇടം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ അവരുടെ പരാതി സ്വീകരിയ്ക്കാനും പുതിയ റേഷൻ കാർഡിൽ പേരു വരുത്തുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ടി പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പരാതികൾ നൽകാൻ തദ്ദേശസ്വയം ഭരണ സ്ഥാപനം, വില്ലേജ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റിയുടെയും അപ്പീൽ കമ്മിറ്റിയുടെയും തീരുമാനത്തിൽ അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. നിലവിലെ റേഷൻ കാർഡ് പുതുക്കി നൽകിയ ശേഷം പേരു വിവരങ്ങൾ ഉൾപ്പെടുത്തുന്ന നടപടി വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (സി) പുതിയ നിയമത്തിൻകീഴിൽ റേഷൻ മൊത്തവിതരണശാലകൾ ഇല്ലാതാകുമെന്നതിനാൽ അവിടങ്ങളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നിയമം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ